കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ്- അനാഥാലയങ്ങളുടെയും മറ്റു ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനം-സംസ്ഥാനതല അവലോകന സമിതി രൂപീകരിച്ചും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ)നം. 453/2012/സാക്ഷേവ തീയതി, തിരുവനന്തപുരം, 11.10.2012

---

പരാമർശം:- (1) 3.12.2007 ലെ സ.ഉ(സാധാ)നം552/2007/സാക്ഷേവ ഉത്തരവ്

(2) ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 9.7.12.ലെ. OCB1-33564/09 നം.കത്ത്.

## ഉത്തരവ്

19.3.2012-ൽ ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഓർഫനേജ് കൺട്രോൾ ബോർഡ് യോഗത്തിൽ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും ടി സ്ഥാപനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സംസ്ഥാനതല മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനും നിലവിൽ പ്രവർത്തിച്ചുവരുന്ന ജില്ലാതല മോണിറ്ററിംഗ് സെൽ ഫലപ്രദമല്ലാത്തതിനാൽ ആയത് പുനഃസംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് സെൽ രൂപീകരിയ്ക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് സെൽ പുനഃസംഘടിപ്പിക്കുന്നതിനും പരാമർശത്തിലെ കത്തുപ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ശുപാർശ സമർപ്പിച്ചിരിക്കുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും അനാഥാലയങ്ങളുടെയും മറ്റു ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനം അവലോകനം ചെയ്യുന്നതിനും അവർക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി താഴെപറയും പ്രകാരം സംസ്ഥാനതല അവലോകന സമിതിയും ജില്ലാതല മോണിറ്ററിംഗ്കമ്മിറ്റിയും രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

### സംസ്ഥാനതല അവലോകന സമിതി

1. ബഹുമാനപ്പെട്ട മുഖ്യമന്ത്രി-അദ്ധ്യക്ഷൻ
2. ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി-ഉപാദ്ധ്യക്ഷൻ
3. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി.
4. ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി.
5. ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി.
6. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി.
7. ബഹുമാനപ്പെട്ട ജല വിഭവ വകുപ്പ് മന്ത്രി.

8. ബഹുമാനപ്പെട്ട വൈദ്യുത വകുപ്പ് മന്ത്രി.
9. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി.
10. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രി.
11. സെക്രട്ടറി, ധനകാര്യ വകുപ്പ്.
12. സെക്രട്ടറി, റവന്യൂ വകുപ്പ്.
13. സെക്രട്ടറി, ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ്.
14. സെക്രട്ടറി, ആരോഗ്യ വകുപ്പ്.
15. സെക്രട്ടറി, ജല വിഭവ വകുപ്പ്.
16 സെക്രട്ടറി ഊർജ്ജ വകുപ്പ്.
17. സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ്.
18. സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
19, ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാനും അംഗങ്ങളും.
20. ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്.
21. സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്-കൺവീനർ.

## ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി

1. ജില്ലാ കളക്ടർ-ചെയർമാൻ
2. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ 4 എം.എൽ.എ-മാർ
3. ജില്ലാ സപ്ളൈ ഓഫീസർ.
4. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺസ്.(ജില്ലാ പഞ്ചായത്ത്,കോർപ്പറേഷൻ,മുനിസിപ്പാലിറ്റി)
5. ചീഫ് എൽ.പി.ജി മാനേജർ,ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ/പ്രതിനിധി.
6. എക്സിക്യൂട്ടീവ് എൻജിനിയർ,വൈദ്യുത ബോർഡ്
7. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്.
8. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/പ്രതിനിധി
9. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഹെൽത്ത്.
10. ജില്ലാ മെഡിക്കൽ ഓഫീസർ.
11. ജില്ലാ എംപ്ളോയ്മെന്റ് ഓഫീസർ
12. എക്സിക്യൂട്ടീവ് എൻജിനിയർ,ജല അതോറിറ്റി.
13. പോലീസ് കമ്മീഷണർ/ജില്ലാ പോലീസ് സൂപ്രണ്ട്.
14. ജില്ലയുടെ ചുമതലയുള്ള ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ.
15. ഡിസ്ട്രിക്റ്റ് ലെവൽ അസോസിയേഷൻ ഓഫ് ഓർഫനേജസിന്റെ പ്രതിനിധി.
16. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ-കൺവീനർ.

## ജില്ലാ തല മോണിറ്ററിംഗ് സമിതിയുടെ ചുമതലകൾ

1. താഴെപ്പറയുന്ന സേവനങ്ങൾ അർഹരായ എല്ലാ അന്തേവാസികൾക്കും സ്ഥാപനങ്ങൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

എ. ഒരു അന്തേവാസിക്ക് പ്രതിമാസം 525 രൂപ വീതം ഗ്രാന്റ് (1-4-2012 മുതൽ)
ബി. ഒരു അന്തേവാസിക്ക് ഒരു രൂപ നിരക്കിൽ ഏഴ് കിലോ അരി പ്രതിമാസം.
സി. സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ പാചക വാതകം.
ഡി. സ്ഥാപനങ്ങൾക്ക് കൺസഷൻ റേറ്റിൽ ഇലക്ട്രിസിറ്റി കണക്ഷൻ
ഇ. സ്ഥാപനങ്ങൾക്ക് ബിൽഡിംഗ് ടാക്സ് എക്സെംപ്ഷൻ

എഫ്. സ്ഥാപനങ്ങളിൽ ബോർഡിംഗ് ചാർജ് ഇനത്തിൽ 1,500 രൂപ വരെ പ്രതിമാസം ചെലവഴിക്കാനുള്ള അനുമതി പ്രകാരം മെച്ചപ്പെട്ട സേവനങ്ങൾ

ജി. സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കുള്ള കൺസഷൻ നിരക്കിലുള്ള ടാക്സ്.

എച്ച്. സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ ധനസഹായ പദ്ധതി.

ഐ. സ്ഥാപനങ്ങളിലെ കുട്ടികളുടെ ഫീസിന്റെ റീ ഇംബേഴ്സ്മെന്റ് പദ്ധതി.

ജെ. സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഡിപ്ലോമകോഴ്സ് ഇൻ ഫാർമസി, ഐ.റ്റി.ഐ, പോളിടെക്നിക്ക്, ജനറൽ നഴ്സിംഗ് എന്നിവയിലുള്ള സീറ്റ് സംവരണം.

കെ. സ്ഥാപനത്തിലെ അന്തേവാസികളെ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുകയും അവർക്ക് നിയമനത്തിലുള്ള മുൻഗണനയും നിയമനത്തിന് പത്ത് വർഷത്തേയ്ക്കുള്ള ഏജ് റിലാക്സേഷനും ലഭിച്ചുവെന്ന് ഉറപ്പുവരുത്തുക.

എൽ. ചാരിറ്റി പർപ്പസിൽ ഉള്ള സ്ഥാപനങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സെംപ്ഷൻ.

എം. അന്തേവാസികളായ കുട്ടികൾക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് കാർഡിന്റെ വില ഒഴിവാക്കൽ.

എൻ. ജില്ലാ സംസ്ഥാനതല കലാകായിക മേളയ്ക്കുള്ള ധന സഹായം.

ഒ. അംഗീകാരം നൽകുന്നതിൽ ഓൾഡ് ഏജ് ഹോമുകൾ, വികലാംഗ സ്ഥാപനങ്ങൾ, സ്ത്രീകളുടെ ഭവനങ്ങൾ എന്നിവയ്ക്കുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തിയതിൻ പ്രകാരമുള്ള അംഗീകാരം നൽകൽ.

പി. സ്ഥാപനങ്ങളിലെ മാസത്തിൽ ഒരിക്കലുള്ള ഹെൽത്ത് ചെക്കപ്പ്.

ക്യൂ. അന്തേവാസികൾക്ക് ഓർഫൻ/നോൺ ഓർഫൻ സർട്ടിഫിക്കറ്റ്.

2. അനാഥാലയങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ചെയ്തുകൊടുക്കാവുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.

3. അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക.

4. അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തി യഥാസമയം മേൽ നടപടികൾ സ്വീകരിക്കുക.

5. അനാഥാലയങ്ങളിലെ അർഹരായ കുട്ടികളെ അഡോപ്ഷൻ നൽകുന്നു എന്ന് ഉറപ്പുവരുത്തുക.

6. അനാഥാലയങ്ങളുടെ ഗ്രാന്റ് വിതരണം നിരീക്ഷിക്കുക.

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 3 മാസത്തിൽ ഒരിക്കൽ കൂടി ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി സ്വീകരിച്ച നടപടികൾ ഓർഫനേജ് കൺട്രോൾ ബോർഡിനും സർക്കാരിനും റിപ്പോർട്ട് നൽകേണ്ടതാണ്.

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെട്ട എല്ലാ കാര്യങ്ങളും കാലാകാലങ്ങളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും, ഓർഫനേജ് കൺട്രോൾ ബോർഡും സമർപ്പിക്കുന്ന വിഷയങ്ങളും സംസ്ഥാന സമിതി അവലോകനം ചെയ്യേണ്ടതാണ്. സംസ്ഥാന സമിതി ആറു മാസത്തിലൊരിക്കൽ

യോഗം ചേരേണ്ടതാണ്. ഈ ഉത്തരവിന്റെ തീയതി മുതൽ നിലവിൽ ഉള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം അവസാനിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം.**
**ഡോ. കെ.എം. എബ്രഹാം**
**പ്രിൻസിപ്പൽ സെക്രട്ടറി**

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ&ഇ/, ആഡിറ്റ്) തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.
എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക്.
ചീഫ് എൽ.പി.ജി മാനേജർ, ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ,പനമ്പിള്ളി നഗർ,എറണാകുളം.
എക്സിക്യൂട്ടീവ് എൻജിനിയർ,കെ.എസ്.ഇ.ബി. തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (ആരോഗ്യവകുപ്പ്)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്കും.
എക്സിക്യൂട്ടീവ് എൻജിനീയർ,കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ട്മാർക്കും.
പോലീസ് കമ്മിഷണർ, തിരുവനന്തപുരം, കൊല്ലം, എറണാകുളം,തൃശ്ശൂർ, കോഴിക്കോട്.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിൽ വകുപ്പ്, ജലവിഭവ വകുപ്പ്,ഗതാഗത വകുപ്പ്, ഊർജ്ജ വകുപ്പ്
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
തൊഴിൽ വകുപ്പ് കമ്മീഷണർ, തിരുവനന്തപുരം
എം.ഡി., ജല അതോറിറ്റി, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, വൈദ്യുതി ബോർഡ്, തിരുവനന്തപുരം

ഉത്തരവിൻപ്രകാരം.
R. Vijayan
സെക്ഷൻ ഓഫീസർ

പകർപ്പ്:- ധനകാര്യ മന്ത്രിയുടെ പി.എസിന്.
റവന്യൂ മന്ത്രിയുടെ പി.എസിന്.
ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയുടെ പി.എസിന്.
ആരോഗ്യമന്ത്രിയുടെ പി.എസിന്
ജല വിഭവ മന്ത്രിയുടെ പി.എസിന്.

വൈദ്യുത മന്ത്രിയുടെ പി.എസിന്.
വിദ്യാഭ്യാസ മന്ത്രിയുടെ പി.എസിന്.
പഞ്ചായത്ത് സാമൂഹ്യക്ഷേമ മന്ത്രിയുടെ പി.എസിന്.
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
കരുതൽ ശേഖരം /ഓഫീസ് കോപ്പി.

## സാമൂഹ്യക്ഷേമ വകുപ്പ്- ഓർഫനേജുകളും അനുബന്ധ സ്ഥാപനങ്ങളും സംബന്ധിച്ച ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ സംസ്ഥാനതല റിവ്യൂ.

സ്ഥലം : ഗവ: ഗസ്റ്റ് ഹൗസ്, എറണാകുളം.
തീയതി : 3/10/2012. 10.30 am to 5 pm.

**യോഗത്തിൽ പങ്കെടുത്തവർ:-**

| Sl. No. | Name of Officer | Mobile No. |
|---|---|---|
| 1 | Sri. K. Balachandran (DSWO), Wayanad | 9846268192 |
| 2 | Sri.K. Madhusudanan (JS DSWO), Wayanad | 9447849494 |
| 3 | Smt. R.K. Sheela (DSWO), Kottayam | 9446517656 |
| 4 | Smt. K.G. Sreedevi (DSWO), Thrissur | 9846933613 |
| 5 | Sri. S. Sreekumar (DSWO), Alappuzha | 9446486693 |
| 6 | Smt. Sundari. C (DSWO), Palakkad | 9447533696 |
| 7 | Smt.R.Sreekumary(DSWO I/C), Pathanamthitta | 9447712746 |
| 8 | Sri. Samuel.V. Michael (JS), Idukki | 9847286108 |
| 9 | Sri. S.R. Pushparajan (DSWO), Idukki | 9447194972 |
| 10 | Sri. P. Abdusamad (DSWO), Kozhikode | 9496980263 |
| 11 | Sri. John Joshy. K.J, Ernakulam | 9495712040 |
| 12 | Sri. Radhakrishna Kurup (J S), Kollam | 9495697854 |
| 13 | Smt. Shamith. K.V (LDC), Kannur | 9947050494 |
| 14 | Sri. Sharafudheen. A. A (J S), Kasarkod | 9447947304 |
| 15 | Sri. N. G. Kuriachen, Ernakulam | 9744678954 |
| 16 | Sri. Eugene Babu (UDC), Erankulam | 9037970352 |

| | | |
|---|---|---|
| 17 | Sri. Jonny. M. Joseph (J S), Kottayam | 9946841831 |
| 18 | Sri. P. H. Ashga Shah (J S), Palakkad | 9947359737 |
| 19 | Sri. S. JoseKumar (DSWO), Trivandrum | 8907847094 |
| 20 | Sri. K. KrishnaMoorthy (Senior Superintendent), Malappuram | 9249747685 |
| 21 | Sri. P. G. Mohandas (DSWO), Kannur | |
| 22 | Sri. Sajith Kumar. A (LDC), Alappuzha | |
| 23 | Sri. P.Vinod (LDC), Malappuram | |
| 24 | Sri. G. Vijayan (H A), Kollam | |
| 25 | Sri. Muhammed Ismail T. V (LDC), Kozhikode | |
| 26 | Sri. Bahulayan Nair. K (J S), Trivandurm | 9446554264 |
| 27 | Sri. K. K. Mony (Member Secretary), Orphanage Control Board | 9645006207 |
| 28 | Sri. Giftson Raj. S (Probation Officer), Orphanage Control Board | 9446704733 |
| 29 | Sri. Francis G. Rozario (Head Accountant), Orphanage Control Board | 9731502136 |
| 30 | Sri. Kishor. S. J (LD Clerk), Orphanage Control Board | 9400830247 |
| 31 | Sri. Suresh Kumar<br>Superintendent: Old age Home, Thevara | 9446053617 |

മലപ്പുറം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ സർക്കാരിൽ മറ്റൊരു യോഗം ഉള്ളതുകൊണ്ട് അസൗകര്യം അറിയിച്ചിരുന്നു. കൊല്ലം, എറണാകുളം, കാസർഗോഡ് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ പങ്കെടുക്കുകയോ, അസൗകര്യം മുൻകൂട്ടി അറിയിക്കുകയോ ഉണ്ടായില്ല.

സാമൂഹ്യക്ഷേമ വകുപ്പ് അഡിഷണൽ ഡയറക്ടറും ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയും ആയ ശ്രീ. കെ. കെ. മണിയുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്-ന്റെയും ഗ്രാന്റ് പരിശോധനയെയും സംബന്ധിച്ച് ശ്രീ. കെ. കൃഷ്ണമൂർത്തി, സീനിയർ സൂപ്രണ്ട്, മലപ്പുറം പൗവ്വർ പോയിന്റ്

സഹായത്തോടെ വിശദമായി ക്ലാസ്സ് എടുത്തു. അവലോകനയോഗത്തിന്റെ അജണ്ടക്കുറിപ്പുകൾ മെമ്പർ സെക്രട്ടറി വിശദീകരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം താഴെക്കാണുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

## I. അംഗീകൃത സംഘടനകളിലെ Annual Verification:-

**തിരുവനന്തപുരം**, ആലപ്പുഴ, തൃശ്ശൂർ, കാസർഗോഡ് എന്നീ 4 ജില്ലകളിൽ നിന്ന് യാതൊരു റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ നിന്നും സമർപ്പിച്ച റിപ്പോർട്ടുകളിൽ അംഗീകാരം ഉള്ള എല്ലാ സംഘടനകളേയും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മലപ്പുറം ഒഴികെയുള്ള എല്ലാ ജില്ലകളും 5/5/2012-ലെ യോഗ തീരുമാനം അനുസരിച്ചുള്ള നിശ്ചിത Format-ൽ ജില്ലയിലെ മുഴുവൻ Board അംഗീകാരം ഉള്ള സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി Annual Verification പൂർത്തികരിച്ച് സ്ഥാപനങ്ങളുടെ Abstract സഹിതം (full set) 2 copy bind ചെയ്ത് ഒരു എണ്ണം ജില്ലാ ഓഫീസിൽ സൂക്ഷിയ്ക്കേണ്ടതും ഒരെണ്ണം ഡയറക്ടറേറ്റിൽ 15/11/12-ന് മുമ്പ് സമർപ്പിയ്ക്കേണ്ടതും ആണ്.

## II. അനധികൃത സംഘടനകൾക്കെതിരെയുള്ള നടപടികൾ:-

| ക്രമ നം. | ജില്ലയുടെ പേര് | അനധികൃത സ്ഥാപനങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|---|---|
| | | ഓർഫനേജ് | ഓൾഡ് ഏജ് ഹോം | മനോരോഗ പുനരധിവാസം | Others | Total |
| 1 | **തിരുവനന്തപുരം** (സമർപ്പിച്ചിട്ടില്ല) | - | - | - | - | - |
| 2 | കൊല്ലം | 3 | 1 | - | - | 4 |
| 3 | പത്തനംതിട്ട | 4 | 3 | - | - | 7 |
| 4 | ആലപ്പുഴ | 1 | - | - | - | 1 |
| 5 | കോട്ടയം | 6 | 11 | 3 | - | 20 |
| 6 | എറണാകുളം (സമർപ്പിച്ചിട്ടില്ല) | - | - | - | - | |
| 7 | ഇടുക്കി | 4 | - | - | - | 4 |
| 8 | തൃശ്ശൂർ (സമർപ്പിച്ചിട്ടില്ല) | - | - | - | - | - |
| 9 | പാലക്കാട് | 5 | 1 | 1 | - | 7 |
| 10 | മലപ്പുറം | 9 | 1 | - | - | 10 |
| 11 | കോഴിക്കോട് | 1 | - | - | - | 1 |
| 12 | വയനാട് (സമർപ്പിച്ചിട്ടില്ല) | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| 13 | കണ്ണൂർ | 3 | - | - | - | 3 |
| 14 | കാസർഗോഡ് (സമർപ്പിച്ചിട്ടില്ല) | - | - | - | - | - |
| Total | | 36 | 17 | 4 | | 57 |

**തിരുവനന്തപുരം,** തൃശ്ശൂർ എന്നീ ജില്ലകൾ list സമർപ്പിച്ചിട്ടില്ല. വകുപ്പിലെ കീഴ് കാര്യാലയങ്ങൾ വഴി അന്വേഷണം നടത്തി 15 ദിവസത്തിനകം list സമർപ്പിയ്ക്കേണ്ടതാണ്. അനധികൃത സംഘടനകളുടേതായി കണ്ടെത്തിയ list -കൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ ബന്ധപ്പെട്ട് Anti trafficking DYSP-മാർക്ക് കൈമാറേണ്ടതും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിയ്ക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് report ചെയ്യേണ്ടതും ആണ്.

III. <u>സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് Orphan, Non Orphan Certificate വാങ്ങി സൂക്ഷിയ്ക്കുന്നത് സംബന്ധിച്ച്:-</u>

ഓർഫനേജുകളിൽ ഓർഫൻ/നോൺ ഓർഫൻ എന്ന് കാണിയ്ക്കുന്ന നിശ്ചിത സർട്ടിഫിക്കറ്റ് കുട്ടിയുടെ താമസ സ്ഥലത്തെ വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങി സൂക്ഷിയ്ക്കണം. പ്രവേശനം നേടി ആറ് മാസത്തിനകം ഇത്തരം സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിയ്ക്കാത്ത കുട്ടികളെ ഓർഫനേജ്കളിൽ പാർപ്പിയ്ക്കാൻ പാടില്ല എന്നും സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്ത മുഴുവൻ കുട്ടികളേയും Child Welfare Committee മുൻപാകെ ഹാജരാക്കണം എന്നും കാണിച്ച് എല്ലാ ജില്ലാ ഓഫീസർമാരും എല്ലാ സ്ഥാപന മേധാവികൾക്കും സർക്കുലർ നിർദ്ദേശം നൽകേണ്ടതാണ്. ഇപ്രകാരം നിർദ്ദേശം നൽകുന്ന കത്തിന്റെ പകർപ്പ് 15/11/12-ന് മുമ്പ് ഡയറക്ടർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

IV. <u>ഗ്രാന്റ്-ഇൻ-എയ്ഡ് list-ൽ നിന്നും remove ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ:-</u>

| Sl.No | District | Orphanage | Old age | Others | Total |
|---|---|---|---|---|---|
| 1 | **Thiruvananthapuram** (സമർപ്പിച്ചിട്ടില്ല) | - | - | - | - |
| 2 | Kollam | 4 | 2 | - | 6 |
| 3 | Alappuzha | 2 | 1 | - | 3 |
| 4 | Kottayam | 9 | 6 | - | 15 |
| 5 | Idukki | 4 | 1 | - | 5 |
| 6 | Pathanamthitta (സമർപ്പിച്ചിട്ടില്ല) | - | - | - | - |

| | | | | | |
|---|---|---|---|---|---|
| 7 | Ernakulam (സമർപ്പിച്ചിട്ടില്ല) | - | - | - | - |
| 8 | Thrissur (സമർപ്പിച്ചിട്ടില്ല) | - | - | - | - |
| 9 | Palakkad | 6 | 1 | - | 7 |
| 10 | Malappuram | 7 | 2 | - | 9 |
| 11 | Kozhikode (സമർപ്പിച്ചിട്ടില്ല) | - | - | - | - |
| 12 | Wayanad | 5 | 1 | - | 6 |
| 13 | Kannur (സമർപ്പിച്ചിട്ടില്ല) | - | - | - | - |
| 14 | Kasargod (സമർപ്പിച്ചിട്ടില്ല) | - | - | - | - |
| Total | | 37 | 14 | - | 51 |

ലിസ്റ്റ് സമർപ്പിയ്ക്കാത്ത **തിരുവനന്തപുരം,** പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്ന് നിർദ്ദേശിച്ച പ്രകാരം Notice-നൽകി list-ൽ നിന്ന് remove ചെയ്യുന്നതിന് നടപടി സ്വീകരിച്ച് list-സമർപ്പിയ്ക്കേണ്ടതാണ്. List-ൽ നിന്ന് remove ചെയ്യുന്നതിനുവേണ്ടി ശുപാർശ ചെയ്തിട്ടുളള ഭൂരിപക്ഷം സംഘടനകൾക്കും ഗ്രാന്റ് sanction ചെയ്തത് 5/11/2011-ലെ ഉത്തരവിലൂടെയാണെന്ന് കാണുന്നു. ഈ സംഘടനകൾക്ക് 2010-11-ലെ ഗ്രാന്റ് നൽകേണ്ടത് 2011-12-ലാണ്. ആയതുകൊണ്ട് grant-ന് അപേക്ഷ സമർപ്പിയ്ക്കുവാൻ ഒരവസരം കൂടി നൽകേണ്ടതാണ്. കൂടാതെ പുതുതായി grant അനുമതിയുളള സംഘടനകൾക്ക് അപേക്ഷിയ്ക്കുന്നതിനും report സമർപ്പിയ്ക്കുന്നതിനും ആവശ്യമായ orientation- മീറ്റിംഗ് എല്ലാ ജില്ലകളിലും 15/11/12-ന് മുമ്പ് നടത്തണം.

V. <u>കലാകായികമേള:-</u>

2011-12-ലെ കലാകായിക മേളയുടെ report, കണക്ക്, U.C എന്നിവ **തിരുവനന്തപുരം,** കോഴിക്കോട്, എന്നീ ജില്ലകളിൽ നിന്നും ലഭിച്ചിട്ടില്ല. 2012-13 വർഷത്തെ കലാകായികമേള ജില്ലാ തലത്തിൽ നവംബർ, ഡിസംബർ മാസങ്ങളിൽ സംഘടിപ്പിയ്ക്കുവാൻ 19/9/2012-ൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. നേതൃത്വപരമായ ചുമതല വഹിയ്ക്കേണ്ടത് District Social Welfare Officer -മാരാണ്. ഇതിലേയ്ക്ക് അനുവദിയ്ക്കുന്ന തുക Board Member-മാർ മുഖേന നൽകുന്നത് നിർത്തലാക്കുവാനും District Social Welfare Officer-മാർ നേരിട്ട് തുക വിനിയോഗം നടത്തി തുക settle ചെയ്യുവാനും തീരുമാനിച്ചു.

ജില്ലാതലത്തിൽ കമ്മിറ്റി കൂടി കലാകായികമേള നടത്താനുള്ള നടപടി 31/10/12-ന് മുമ്പ് സ്വീകരിയ്ക്കണം.

## VI. മദർ തെരേസ ജന്മദിനം:-

26/8/2011-ൽ നടത്തിയ മദർ തെരേസ ജന്മ ദിനത്തിന്റെ കോഴിക്കോട് ജില്ലയിൽ പങ്കെടുത്തവരുടെ list-സമർപ്പിച്ചിട്ടില്ല. 26/8/2012-ൽ മദർ തെരേസ ജന്മദിനം **തിരുവനന്തപുരം**, കൊല്ലം, എറണാകുളം, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ സംഘടിപ്പിയ്ക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. വയനാട്, ഇടുക്കി, കണ്ണൂർ, ആലപ്പുഴ, പാലക്കാട് എന്നീ 5 ജില്ലകളിൽ നിന്ന് report –ഉം വരവ് ചിലവ് കണക്കും സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂരിൽ നിന്ന് report സമർപ്പിച്ചു എങ്കിലും വരവ് ചിലവ് കണക്ക് സമർപ്പിച്ചിട്ടില്ല. കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്ന് report-ഉം കണക്കും സമർപ്പിച്ചിട്ടില്ല. ആയത് 15/11/12-ന് മുമ്പ് സമർപ്പിയ്ക്കേണ്ടതാണ്.

## VII. പുതുതായി grant-ന് വേണ്ടിയുള്ള സംഘടനകളുടെ list:-

| ക്രമ നം. | ജില്ല | ഓർഫനേജ് | ഓൾഡ് ഏജ് ഹോം | പി.എച്ച് ഹോംസ് | എണ്ണം വർദ്ധിപ്പിയ്ക്കുന്നതിന് | എണ്ണം കുറവ് ചെയ്യുന്നതിന് | ആകെ |
|---|---|---|---|---|---|---|---|
| 1 | **തിരുവനന്തപുരം** (സമർപ്പിച്ചിട്ടില്ല) | - | - | - | - | - | - |
| 2 | കൊല്ലം | 9 | 1 | - | - | - | 10 |
| 3 | ആലപ്പുഴ | 9 | 1 | 4 | - | 2 | 16 |
| 4 | എറണാകുളം | 4 | 3 | - | 1 | - | 8 |
| 5 | പത്തനംതിട്ട (സമർപ്പിച്ചിട്ടില്ല) | - | - | - | - | - | - |
| 6 | ഇടുക്കി | 15 | 6 | - | - | 3 | 24 |
| 7 | തൃശ്ശൂർ (സമർപ്പിച്ചിട്ടില്ല) | - | - | - | - | - | - |
| 8 | പാലക്കാട് | 16 | 1 | - | - | 10 | 27 |
| 9 | മലപ്പുറം | 6 | 1 | 1 | - | - | 8 |
| 10 | കോഴിക്കോട് (സമർപ്പിച്ചിട്ടില്ല) | - | - | - | - | - | - |
| 11 | വയനാട് | 9 | 1 | - | 4 | 3 | 17 |
| 12 | കണ്ണൂർ | 4 | 9 | - | - | - | 13 |
| 13 | കാസർഗോഡ് (സമർപ്പിച്ചിട്ടില്ല) | - | - | - | - | - | - |
| 14 | കോട്ടയം | - | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| | (സമർപ്പിച്ചിട്ടില്ല) | | | | | |
| ആകെ | | 72 | 23 | 5 | 5 | 18 | 123 |

ഗ്രാന്റ് ഇൻ എയ്ഡ് അപേക്ഷയിൽ **തിരുവനന്തപുരം,** കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 ജില്ലകൾ അപേക്ഷ സമർപ്പിച്ചിട്ടില്ല. വിവിധ ജില്ലകളിൽ നിന്ന് 286 അപേക്ഷകൾ ലഭിച്ചത് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് നൽകി എങ്കിലും ആയത് പരിശോധിച്ച് ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടില്ല. പ്രസ്തുത 286 അപേക്ഷയുടെയും പകർപ്പ് ജില്ല തിരിച്ച് അതാത് ജില്ലാ ഓഫീസർമാർക്ക് യോഗത്തിൽ വച്ച് നൽകുകയുണ്ടായി. ഇതു കൂടി ഉൾപ്പെടുത്തി 14 ജില്ലകളിലും പരിശോധന നടത്തി Revised and final proposal നിശ്ചിത format-ൽ മലയാളത്തിൽ തയ്യാറാക്കി എല്ലാ District Social Welfare Officer –മാരും 2 ആഴ്ചയ്ക്കകം സമർപ്പിയ്ക്കേണ്ടതാണ്.

## VIII. ജില്ലാതല റിവ്യൂ മീറ്റിംഗ്:-

2012 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്ന ജില്ലാ തല റിവ്യൂ മീറ്റിംഗിന്റെ റിപ്പോർട്ട് **തിരുവനന്തപുരം,** കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും സമർപ്പിച്ചിട്ടില്ല. ആയത് 31/10/12-ന് മുമ്പ് അടിയന്തിരമായി സമർപ്പിയ്ക്കേണ്ടതാണ്.

## IX. ഓർഫനേജ്കളിലെ ഓർഫൻ/നോൺ ഓർഫൻ തിരിച്ചുള്ള list:-

**തിരുവനന്തപുരം,** കൊല്ലം ജില്ലകളിൽ നിന്നും revised list സമർപ്പിയ്ക്കാൻ നിർദ്ദേശിച്ചെങ്കിലും സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി സമർപ്പിയ്ക്കേണ്ടതാണ്.

## X. അംഗീകാരം ഉള്ള സംഘടനകളുടേയും ഗ്രാന്റിന് അനുമതിയുള്ള സ്ഥാപനങ്ങളുടേയും list :-

സംസ്ഥാനത്തുള്ള അംഗീകൃത സംഘടനകളുടേയും ഗ്രാന്റ് ഇൻ എയ്ഡ് അനുമതിയുള്ള സംഘടനകളുടേയും ജില്ല തിരിച്ചുള്ള list 5/5/2012-ലെ യോഗത്തിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് നൽകുകയും അതിന്റെ മാസ്റ്റർ കോപ്പിയിൽ തന്നെ പരിശോധന നടത്തി correction list തയ്യാറാക്കാൻ ആവശ്യപ്പെട്ടെങ്കിലും മലപ്പുറം ഒഴികെ മറ്റ് ജില്ലകൾ list സമർപ്പിച്ചിട്ടില്ല. ആയത് അടിയന്തിരമായി സമർപ്പിയ് ക്കേണ്ടതാണ്. Head Quarters–ൽ നിന്നും നൽകിയ മാസ്റ്റർ കോപ്പിയിൽ തന്നെ correction രേഖപ്പെടുത്തി തിരിച്ച് തരണം. ഇവിടെ നിന്നും നൽകിയിട്ടുള്ള serial No. മാറ്റാൻ പാടില്ല. ഇവിടെ നിന്ന് നൽകിയ list-ന് പുറമേയുള്ളത് list-ന്റെ അവസാനം കൂട്ടിച്ചേർക്കാവുന്നതാണ്. List-കൾ പൂർത്തീകരിച്ച് വെവ്വേറെ 15/11/12-ന് മുമ്പ് സമർപ്പിയ്ക്കേണ്ടതാണ്.

## XI. Grant in Aid-ന്റെ വിതരണം:-

2011-12-ലെ arrears നൽകുന്നതിനുവേണ്ടി നടപ്പുവർഷം അനുവദിച്ച തുകയിൽ കോഴിക്കോട്, എറണാകുളം ഒഴികെയുള്ള എല്ലാ ജില്ലകളിലും അനുവദിച്ച തുക കൊടുത്തു തീർത്തതായി അറിയിച്ചു. 2012-13-ലേയ്ക്ക് താഴെ പറയും പ്രകാരം അധികമായ തുക അനുവദിയ്ക്കണം എന്ന് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ ആവശ്യപ്പെട്ടു.

| ഓർഫനേജ് | | | | |
|---|---|---|---|---|
| ക്രമ നം. | ജില്ല | ജില്ല പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | വയനാട് | 40,84,676 | 1,01,596 | - |
| 2 | മലപ്പുറം | 1,33,00,000 | 12,00,000 | - |
| 3 | തൃശ്ശൂർ | 58,10,360 | 1,32,000 | 10,20,000 |
| 4 | കണ്ണൂർ | 58,00,000 | 5,25,000 | - |
| 5 | ഇടുക്കി | 62,34,000 | 24,000 | - |
| 6 | പത്തനംതിട്ട | 7,95,000 | - | - |
| 7 | പാലക്കാട് | 66,50,000 | 4,00,000 | - |
| 8 | കാസർഗോഡ് | 42,00,000 | 11,00,000 | - |
| 9 | കൊല്ലം | 27,00,000 | 1,75,000 | 4,50,000 |
| 10 | ആലപ്പുഴ | 11,30,000 | 4,69,100 | - |
| 11 | കോഴിക്കോട് | 88,00,000 | - | 6,05,000 |
| ആകെ | | 5,95,04,036 | 41,26,696 | 11,55,000 |

| ഓൾഡ് ഏജ് ഹോം | | | | |
|---|---|---|---|---|
| ക്രമ നം. | ജില്ല | ജില്ല പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | വയനാട് | 8,58,457 | 1,05,000 | - |
| 2 | മലപ്പുറം | - | - | - |
| 3 | തൃശ്ശൂർ | 3,36,000 | 2,52,000 | 21,12,546 |
| 4 | കണ്ണൂർ | 26,00,000 | 2,00,000 | - |
| 5 | ഇടുക്കി | 2,23,500 | 1,86,000 | - |
| 6 | പത്തനംതിട്ട | 4,19,784 | 52,000 | - |

| | | | | |
|---|---|---|---|---|
| 7 | പാലക്കാട് | - | 1,00,000 | - |
| 8 | കാസർഗോഡ് | 1,15,000 | - | - |
| 9 | കൊല്ലം | 5,00,000 | - | - |
| 10 | ആലപ്പുഴ | 2,22,500 | - | - |
| 11 | കോഴിക്കോട് | 3,00,000 | 2,00,000 | - |
| ആകെ | | 55,75,241 | 10,96,000 | 21,12,546 |

| ബെഗ്ഗർ ഹോം | | | | |
|---|---|---|---|---|
| ക്രമ നം. | ജില്ല | ജില്ല പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | മലപ്പുറം | 17,83,000 | - | - |
| 2 | കൊല്ലം | - | - | 3,75,000 |
| ആകെ | | 17,83,000 | - | 3,75,000 |

| വി. എച്ച്. ഹോം | | | | |
|---|---|---|---|---|
| ക്രമ നം. | ജില്ല | ജില്ല പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | തിരുവനന്തപുരം | 92,000 | - | - |
| ആകെ | | 92,000 | - | |

**തിരുവനന്തപുരം,** എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ നിന്ന് കണക്ക് സമർപ്പിച്ചില്ല. 2012-13-ലെ പരിശോധന 1 മാസത്തിനകം പൂർത്തികരിക്കുവാൻ എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും നിർദ്ദേശം നൽകി. എറണാകുളം, കോഴിക്കോട് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ 4/5/12-ൽ അനുവദിച്ച മുഴുവൻ തുകയും 31/10/12-ന് മുമ്പ് വിതരണം ചെയ്തു റിപ്പോർട്ട് സമർപ്പിക്കണം.

## XII. Psycho Social Rehabilitation of Mentally ill persons:-

ഇക്കാര്യത്തിനുവേണ്ടി സർക്കാർ 24/7/2012-ൽ പുറപ്പെടുവിച്ച rules-ന്റെ പകർപ്പ് എല്ലാ District Social Welfare Officer -മാർക്കും നൽകുകയും rules-ലെ പ്രധാന വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ഉണ്ടായി. ഈ റൂൾ എല്ലാ District Social Welfare Officer -മാരോടും പഠിയ്ക്കുന്നതിനും ഇതിൽ നിശ്ചിത format-ൽ അപേക്ഷ സമർപ്പിയ്ക്കുവാൻ ഈ

വിഭാഗത്തിൽപ്പെടുന്ന എല്ലാ സ്ഥാപനങ്ങളോടും ആവശ്യപ്പെടുവാനും, ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ list തയ്യാറാക്കുവാനും നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച State തല മീറ്റിംഗ് ഉടൻ ഉണ്ടാകുമെന്നും അതുകൊണ്ട് 31/10/12-ന് മുമ്പ് ജില്ലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ list ശേഖരിക്കുവാൻ നിർദ്ദേശിച്ചു.

## XIII. ഓർഫനേജ്കൾക്കുള്ള Minimum Standard Fix ചെയ്യുന്നത്:-

ഓർഫനേജ്കൾക്ക് മിനിമം Standard Fix ചെയ്യുന്നത് സംബന്ധിച്ച് Draft തയ്യാറാക്കുന്നതിന് ശ്രീ.കൃഷ്ണമൂർത്തി, Program Officer, Malappuram, ശ്രീ. അബ്ദുൾ സമദ്, District Social Welfare Officer, Malappuram എന്നിവരെ ചുമതലപ്പെടുത്തി. First draft 11/10/2012-ന് സമർപ്പിയ്ക്കുവാനും, 17/10/2012-ലെ ഓർഫനേജ് പ്രതിനിധികളുടെ മീറ്റിംഗിൽ സമഗ്രമായ നക്കൽ അവതരിപ്പിയ്ക്കുവാനും തീരുമാനിച്ചു.

## XIV. ഓർഫനേജ്കൾക്കുള്ള ആനുകൂല്യങ്ങളുടെ ലഭ്യത സംബന്ധിച്ച്:-

ഓർഫനേജ്കൾക്ക് അരി, ഗോതമ്പ്, പഞ്ചസാര, ഗ്യാസ് കണക്ഷൻ തുടങ്ങിയുള്ള ആനുകൂല്യങ്ങൾ സർക്കാർ പ്രഖ്യാപിച്ച് എങ്കിലും 70% പേർക്ക് ഇത് സംബന്ധിച്ച് ആനുകൂല്യങ്ങൾ നിലവിൽ ലഭിയ്ക്കുന്നില്ല. ഇത് സംബന്ധിച്ച് ഉള്ള awareness program എല്ലാ ജില്ലകളിലും സംഘടിപ്പിയ്ക്കുന്നതിനും ഇത് സംബന്ധിച്ച തീയതി 17/10/2012-ലെ ജില്ലാതല ഓർഫനേജ് പ്രതിനിധികളുടെ മീറ്റിംഗിൽ ചർച്ച ചെയത് തീരുമാനിയ്ക്കാനും തീരുമാനിച്ചു.

## XV. Dr. Santha Sinha, National Commission for Child Rights– സന്ദർശന റിപ്പോർട്ട്:-

ഇത് സംബന്ധിച്ച റിപ്പോർട്ട് ഇടുക്കി ജില്ലയിൽ നിന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി എല്ലാ ജില്ലാ ഓഫീസർമാരും 31/10/12-ന് മുമ്പ് report സമർപ്പിയ്ക്കേണ്ടതാണ്.

അടുത്ത Review Meeting November last week-ൽ കൂടുന്നതിനും തീരുമാനിച്ചു.

KS

നം. OCB 2/7356/12

സാമൂഹ്യക്ഷേമഡയറക്ടറാഫീസ്
വികാസ് ഭവൻ, 5th Floor,
തിരുവനന്തപുരം,
തീയതി: 18/10/2012.

സാമൂഹ്യക്ഷേമ ഡയറക്ടർ.

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.

സർ,

വിഷയം:- സാമൂഹ്യക്ഷേമം-ഓർഫനേജും അനുബന്ധ സ്ഥാപനങ്ങളും-ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ 3/10/2012-ലെ സംസ്ഥാനതല അവലോകനം-തുടർനടപടികൾ സ്വീകരിയ്ക്കുന്നത്.

സൂചന:- 1) 3/10/2012-ലെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ അവലോകനയോഗ മിനിട്ട്സ്.
2) 17/10/2010-ലെ ഓർഫനേജ് പ്രതിനിധികളുടെ സംസ്ഥാന തല അവലോകനം
3) GO (RT) No.453/12/SWD, Dated 11/10/2012.

3/10/2012-ൽ നടന്ന ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ അവലോകന തീരുമാനം 14 അനുസരിച്ച് സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള ഓറിയന്റേഷൻ മീറ്റിംഗ് സ്ഥാപന മേധാവികൾക്ക് നൽകണം എന്നും ആയതിലേയ്ക്ക് വേണ്ടിയുള്ള തീയതി ഓർഫനേജ് പ്രതിനിധികളുടെ യോഗത്തിൽ തീരുമാനിയ്ക്കേണ്ടതാണെന്നും നിശ്ചയിച്ചിരുന്നു. ഇക്കാര്യം 17/10/2012 -ലെ ഓർഫനേജ് പ്രതിനിധികളുടെ യോഗത്തിൽ ചർച്ച ചെയ്യുകയും താഴെക്കാണുന്ന തീയതികളിൽ ജില്ലാതല പ്രോഗ്രാം നടത്തുന്നതിനും തീരുമാനിച്ചു.

| ക്രമ നം. | ജില്ലയുടെ പേര് | തീയതി |
|---|---|---|
| 1 | തിരുവനന്തപുരം | 17/11/2012 |
| 2 | കൊല്ലം | 3/11/2012 |
| 3 | പത്തനംതിട്ട | 2/11/2012 |
| 4 | ആലപ്പുഴ | 8/11/2012 |
| 5 | കോട്ടയം | 27/10/2012 |
| 6 | ഇടുക്കി | 26/10/2012 |
| 7 | എറണാകുളം | 1/11/2012 |
| 8 | തൃശ്ശൂർ | 18/10/2012 |
| 9 | പാലക്കാട് | 3/11/2012 |
| 10 | മലപ്പുറം | 14/11/2012 |
| 11 | കോഴിക്കോട് | 5/11/2012 |

| | | |
|---|---|---|
| 12 | വയനാട് | 2/11/2012 |
| 13 | കണ്ണൂർ | 1/11/2012 |
| 14 | കാസർഗോഡ് | 30/10/2012 |

മേൽ പറയും പ്രകാരം ഉള്ള തീയതികളിൽ ജില്ലയിലെ മുഴുവൻ അംഗീകാര സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകി അവരുടെ യോഗം ഓർഫനേജ് അസ്സോസ്സിയേഷനുമായി ചേർത്ത് 3/10/2012-ലെ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ യോഗ തീരുമാനപ്രകാരം ഉള്ള തുടർ അജണ്ടയോടൊപ്പം സൂചന (3) പ്രകാരം ഉള്ള ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റിയുടെ മുഴുവൻ അജണ്ടയും ചർച്ച ചെയ്യേണ്ടതും ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതും ആണ്. ഇതു കൂടാതെ താഴെക്കാണുന്ന കാര്യങ്ങൾ കൂടി മുൻഗണന നൽകി നടപ്പിലാക്കണം.

I. <u>അംഗീകാരം പുതുക്കൽ:-</u>

അംഗീകാരം പുതുക്കുന്നതിന് due ആയിട്ടുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് യോഗത്തിൽ ശേഖരിയ്ക്കേണ്ടതും അതു പ്രകാരം അംഗീകാരം പുതുക്കേണ്ട സംഘടനകളുടെ ഒരു list Head Quarters-ൽ സമർപ്പിയ്ക്കേണ്ടതും ആണ്.

II. <u>റേഷൻ പെർമിറ്റ്:-</u>

പുതിയ സർക്കാർ ഉത്തരവ് അനുസരിച്ച് റേഷൻ പെർമിറ്റിന്റെ കാലാവധി 4 വർഷം ആക്കിയത് കൊണ്ടും ഗോതമ്പും പഞ്ചസാരയും അധികമായി അനുവദിച്ചതുകൊണ്ടും നിലവിലുള്ള എല്ലാ റേഷൻ പെർമിറ്റും പുതുക്കേണ്ടിയിരിയ്ക്കുന്നു. കൂടാതെ റേഷൻ പെർമിറ്റ് ഇല്ലാത്ത എല്ലാ പേർക്കും പെർമിറ്റ് എടക്കേണ്ടതും ആണ്. ഇതിലേയ്ക്ക് യോഗത്തിൽ ഹാജരാകുന്ന എല്ലാ സ്ഥാപനമേധാവികളോടും റേഷൻ പെർമിറ്റ് ഉള്ള പക്ഷം പെർമിറ്റിന്റെ പകർപ്പ് റേഷൻ പെർമിറ്റ്/പുതുക്കുന്നതിന് സ്ഥാപനമേധാവിയുടെ പക്കൽ നിന്നുള്ള വെള്ള കടലാസിലെ അപേക്ഷ, ഓർഫനേജ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി, അന്തേവാസികളുടെ list(പേരും, വയസ്സും, അഡ്മിഷൻ തീയതി) എന്നിവ സഹിതം യോഗത്തിൽ ഹാജരാകാൻ ആവശ്യപ്പെടേണ്ടതും ബന്ധപ്പെട്ട list പരിശോധിച്ച് counter sign ചെയ്ത് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകുവാൻ നടപടി സ്വീകരിയ്ക്കേണ്ടതും ആണ്. ഇപ്രകാരം supply ഓഫീസർക്ക് അപേക്ഷ നൽകിയ സ്ഥാപനങ്ങളുടെ ഒരു list Head Quarters- ലും സമർപ്പിയ്ക്കേണ്ടതാണ്.

III. L.P.G Connection:-

എല്ലാ ക്ഷേമ സ്ഥാപനങ്ങൾക്കും ഗാർഹിക നിരക്കിലുള്ള എൽ.പി.ജി. കണക്ഷൻ അനുമതി ഉണ്ട്. സ്ഥാപനങ്ങളുടെ letter head-ൽ

സ്ഥാപനത്തിലുള്ള അന്തേവാസികളുടെ എണ്ണവും ആവശ്യമുള്ള എൽ.പി.ജി. സിലിണ്ടറുകളുടെ എണ്ണവും കാണിയ്ക്കുന്ന വെള്ള കടലാസിലെ അപേക്ഷ ചീഫ് എൽ.പി.ജി. മാനേജർ, കൊച്ചി/കോഴിക്കോട് എന്ന അഡ്രസ്സിൽ തയ്യാറാക്കിയത്, സ്ഥാപനം, ട്രസ്റ്റ്/സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം യോഗത്തിൽ ഹാജരാകാൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകേണ്ടതും അപ്രകാരം ലഭ്യമായ അപേക്ഷകൾ ബന്ധപ്പെട്ട ചീഫ് എൽ.പി.ജി. മാനേജർക്ക് അയച്ച് കൊടുക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതുമാണ്. ഇപ്രകാരം അയച്ച സ്ഥാപനങ്ങളുടെ ഒരു list Head Quarters -ലും ലഭ്യമാക്കേണ്ടതാണ്.

സൂചന (3) പ്രകാരം ഉള്ള ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നത് മുൻപ് തന്നെ മേൽ സൂചിപ്പിച്ച കാര്യങ്ങൾ നിർവ്വഹിയ്ക്കേണ്ടതാണ്. ഇതുൾപ്പടെയുള്ള കാര്യങ്ങൾ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി വിശകലനം ചെയ്യേണ്ടതാണ്. 2012 ഡിസംബർ മാസത്തിൽ ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉള്ള സംസ്ഥാനതല അവലോകന യോഗം കൂടേണ്ടതിനാൽ സ്ഥാപനമേധാവികളുടെ review-യും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗവും നവംബർ 3rd week -നകം പൂർത്തീകരിയ്ക്കേണ്ടതാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉള്ള സംസ്ഥാനതല റിവ്യുവിന്റെ മുന്നോടിയായി നവംബർ അവസാന വാരം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ സംസ്ഥാന തല റിവ്യു ഉണ്ടായിരിയ്ക്കുന്നതാണെന്നും അറിയിയ്ക്കുന്നു. സൂചന(3) പ്രകാരം ഉള്ള സർക്കാർ ഉത്തരവും 3/10/2012-ലെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരുടെ മീറ്റിംഗിന്റെ മിനിട്ട്സും വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട് എന്ന വിവരവും അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യക്ഷേമ ഡയറക്ടർ.

18/10

KS